# കേരളസർവകലാശാല

നം.പി.ആർ.191/2020 ഫോൺ: 2305738

## പത്രക്കുറിപ്പ്

### കേരളസർവകലാശാല യൂണിയനിലേക്കുള്ള ഇലക്ഷൻ പുതുക്കിയ തീയതി - ഒക്ടോബർ 6

സാങ്കേതിക കാരണങ്ങളാൽ മാറ്റിവച്ചതും 30.09.2020 ന് നടക്കേണ്ടിയിരുന്നതുമായ കേരളസർവകലാശാല യൂണിയൻ ഇലക്ഷൻ 06.10.2020 ന് നടത്തുന്നതാണെന്ന് സർവകലാശാല പത്രക്കുറിപ്പിൽ അറിയിച്ചു. രാവിലെ 10.00 മണിക്ക് സർവകലാശാല സെനറ്റ് ഹാളിൽ വച്ച് കോവിഡ് മാനദണ്ഡങ്ങളും സർക്കാർ നിർദേശങ്ങളും പാലിച്ചുകൊണ്ടായിരിക്കും ഇലക്ഷൻ നടത്തുക. സമ്മതിദായകർ വോട്ട് ചെയ്യുന്നതിന് നിലവിൽ വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്.

### ബിരുദപ്രവേശനം 2020 - രണ്ടാംഘട്ട അലോട്ട്മെന്റ് അഡ്മിഷൻ എടുക്കുന്നതിനുള്ള അവസാന തീയതി - ഒക്ടോബർ 6

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും യു.ഐ.ടി.കളിലെയും ബിരുദ പ്രവേശനത്തിന് രണ്ടാംഘട്ട അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് ഫീസടച്ച് അഡ്മിഷൻ എടുക്കാനുള്ള അവസാനതീയതി ഒക്ടോബർ 6 ആണ്. വിശദവിവരങ്ങൾ അഡ്മിഷൻ വെബ്സൈറ്റിൽ ലഭ്യമാണ്.

### കേരളസർവകലാശാല വിദൂരവിദ്യാഭ്യാസം അഞ്ചും ആറും സെമസ്റ്റർ ബി.എ., ബി.എസ്.സി., ബി.കോം, അവസാനവർഷ ബി.എ.ആന്വൽ എന്നീ പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു.

വിദൂരവിദ്യാഭ്യാസകേന്ദ്രം നടത്തിയ അഞ്ചും ആറും സെമസ്റ്റർ ബി.എസ്.സി.മാത്തമാറ്റിക്സ് (2017 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 12 വരെ അപേക്ഷിക്കാം. 2020 മാർച്ചിൽ നടത്തിയ ബി.കോം. എസ്.ഡി.ഇ (2017 അഡ്മിഷൻ) അഞ്ച്, ആറ് സെമസ്റ്ററുകളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഒക്ടോബർ 13 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2020 ജൂണിൽ നടത്തിയ അവസാനവർഷ (ഓൺലൈൻ) ബി.എ.ഇംഗ്ലീഷ്, ഹിന്ദി, ഹിസ്റ്ററി, ഫിലോസഫി, സംസ്കൃതം (സ്പെഷ്യൽ), മലയാളം (ആന്വൽ സ്കീം), ബി.എ. എസ്.ഡി.ഇ (സി.എസ്.എസ്.) അഞ്ചും ആറും സെമസ്റ്റർ എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി ഒക്ടോബർ 12 വരെ അപേക്ഷിക്കാം. വിശദവിവരങ്ങളും കരട് മാർക്ക്ലിസ്റ്റും വെബ്സൈറ്റിൽ ലഭ്യമാണ്.

.

**പബ്ലിക്ക് റിലേഷൻസ് ഓഫീസർ**

**തിരുവനന്തപുരം**

**02.10.2020**

**e-mail:** ku.release@gmail.com **website:** www.keralauniversity.ac.in

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**